ഉത്തരം

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം നവീകരണ പദ്ധതിയുടെ കൺസൾട്ടന്റായി നിയമിച്ചിട്ടുള്ള എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിയുമായുള്ള കരാർ പ്രകാരം അവരുടെ ഒരു ഉദ്യോഗസ്ഥന് തിരുവനന്തപുരത്ത് താമസിക്കുന്നതിനായി ഒരു കെട്ടിടം കെ.എസ്.ഇ.ബി. വാടകയ്ക്ക് എടുത്ത് നല്കിയിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ വാടക പ്രതിമാസം 15,000 രൂപയാണ്. സംസ്ഥാന വിദ്യുച്ഛക്തി ബോർഡാണ് വാടക നല്കുന്നത്.

(സി) 2,36,630.45 രൂപ വൈദ്യുതി ബോർഡ് ചെലവാക്കിയിട്ടുണ്ട്. കൂടാതെ 3,07,632 രൂപ എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനി നേരിട്ട് ചെലവഴിച്ചിട്ട് ഉണ്ടെങ്കിലും പ്രസ്തുത ബില്ല് ബോർഡ് പാസ്സാക്കിയിട്ടില്ല.

(ഡി) ഉദ്ദേശം 500 ചതുരശ്ര അടി സ്ഥലം നല്കിയിട്ടുണ്ട്.

(ഇ) 5,31,089 രൂപ ചെലവഴിച്ചിട്ടുണ്ട്.

(എഫ്) മൂന്ന് വാഹനങ്ങൾ നല്കിയിട്ടുണ്ട്. രണ്ട് പുതിയ വാഹനങ്ങൾ വാങ്ങിയ വില ഉൾപ്പെടെ മൊത്തം 9,24,881 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ജി) രണ്ട് സ്ഥിരം ഡ്രൈവർമാരും ഒരു കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവറുമാണ് പ്രസ്തുത വാഹനങ്ങൾ ഓടിക്കുന്നത്. സ്ഥിരം ഡ്രൈവർമാർക്ക് ശമ്പളം മറ്റലവൻസുകൾ എന്നിവയുൾപ്പെടെ പ്രതിമാസം യഥാക്രമം 14644 രൂപ, 9,347 രൂപ വീതവും ചെലവാകുന്നുണ്ട്. കോൺട്രാക്റ്റ് അടിസ്ഥാനത്തിലുള്ള ഡ്രൈവർക്ക് പ്രതിമാസം 5,000 രൂപ നൽകുന്നു.

തിരമാലയിൽ നിന്നും വൈദ്യുതി

55 (1207) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചത് എപ്പോഴെന്ന് വെളിപ്പെടുത്തുമോ ;

(ബി) തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) വിഴിഞ്ഞത്ത് പ്രവർത്തനക്ഷമമാക്കിട്ടുള്ള പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ ഉല്പാദനശേഷി എത്ര കിലോവാട്ട് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതിയുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടി ഇതിനകം സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ഇ) തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിക്ക് വിദേശസഹായം ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) വിഴിഞ്ഞത്ത് തിരമാലയിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രീഡിലേക്ക് കൈമാറാൻ ഉദ്ദേശമുണ്ടോ ;

(ജി) തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി സംസ്ഥാനത്തെ മറ്റേതെങ്കിലും സ്ഥലത്തേക്ക് കൂടി വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) തിരമാല വൈദ്യുതി ഉപയോഗിച്ച് കായൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കാനുള്ള പരീക്ഷണങ്ങൾ വിജയപ്രദമെന്നു കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ കേന്ദ്രസർക്കാരിന്റെ ഓഷ്യൻ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിക്ക് 1991-ൽ തുടക്കം കുറിച്ചു.

(ബി) പരീക്ഷണ ഘട്ടത്തിലാണ്.

(സി) 5 മുതൽ 15 കി.വാട്ട് വരെയാണ്.

(ഡി) വിവിധ ടർണറുകൾ ഉപയോഗിച്ച് പദ്ധതിയുടെ ഉല്പാദന ശേഷി വർദ്ധിപ്പിക്കാൻ കഴിയുമോയെന്ന് പരീക്ഷിച്ചുവരുന്നു.

(ഇ) ഇതു സംബന്ധിച്ച വിവരം ഇപ്പോൾ ലഭ്യമല്ല.

(എഫ്) ഉണ്ട്. (കൈമാറുന്നുണ്ട്.)

(ജി) ഇതു സംബന്ധിച്ചുള്ള വിവരം ഇപ്പോൾ ലഭ്യമല്ല.

(എച്ച്) പദ്ധതി പരീക്ഷിച്ചിട്ടില്ല. പദ്ധതിയ്ക്കാവശ്യമായ കെട്ടിടം, മെഷീനറി എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഉടനെതന്നെ ഈ പദ്ധതി ആരംഭിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം ദിവസേന 10,000 ലിറ്റർ കടൽവെള്ളം ശുദ്ധിചെയ്യണമെന്നാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അറിയിച്ചിട്ടുള്ളത്.

വൈദ്യുതി മേഖലയിലെ പഠന ഗവേഷണങ്ങൾ

56 (1208) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly